ഖുത്വ്ബ
18.11.2005
ബൈത്തുൽഫുത്വൂഹ്, ലണ്ടൻ

# പണമിടപാടുകളിൽ വിശ്വാസവഞ്ചന കാണിക്കാതിരിക്കുക

أَوْفُوا الْكَيْلَ وَلَا تَكُونُوا مِنَ الْمُخْسِرِينَ ۝
وَزِنُوا بِالْقِسْطَاسِ الْمُسْتَقِيمِ ۝
وَلَا تَبْخَسُوا النَّاسَ أَشْيَاءَهُمْ وَلَا تَعْثَوْا فِي الْأَرْضِ
مُفْسِدِينَ ۝

**ഹ**സ്റത്ത് ശുഅയ്ബ്(അ)ന്റെ ജതയെക്കുറിച്ച് അല്ലാഹു വിശുദ്ധഖുർആനിൽ പറഞ്ഞിടത്തെല്ലാം അളന്നും തൂക്കിയും കൊടുക്കുമ്പോൾ അതിന് കുറവ് വരുത്തരുതെന്ന് പറഞ്ഞിരിക്കുന്നു. എന്തുകൊണ്ടെന്നാൽ അത് നാട്ടിൽ അശാന്തിക്കും അസമാധാനത്തിനും കാരണമായിത്തീരും. ഞാനോതിയ വചനങ്ങളിൽ ഈ വിഷയമാണ് പറഞ്ഞിട്ടുള്ളത്.

"നിങ്ങൾ അളവ് പൂർത്തിയാക്കിക്കൊടുക്കുക. നിങ്ങൾ നഷ്ടമുണ്ടാക്കുന്നവരിൽപെട്ടവരാകരുത്. നിങ്ങൾ ശരിയായ തുലാസ്കൊണ്ട് തൂക്കിക്കൊടുക്കുകയും ചെയ്യുക. ജനങ്ങൾക്ക് അവരുടെ സാധനങ്ങൾ നിങ്ങൾ കുറയ്ക്കരുത്. നിങ്ങൾ നാട്ടിൽ കുഴപ്പമുണ്ടാക്കുന്നവരായി പ്രവർത്തിക്കുകയുമരുത്." (*26:182-184*)

ഇത് സംബന്ധമായി ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "മറ്റ് ഒരു രീതിയിലും ജനങ്ങളുടെ മുതലിൽ നഷ്ടമുണ്ടാക്കരുത്. കുഴപ്പമുണ്ടാക്കുക എന്ന ഉദ്ദേശ്യത്തോടെ ഭൂമിയിൽ ചുറ്റിക്കറങ്ങുകയുമരുത്." അതായത്, മോഷ്ടിക്കുക, കൊള്ളയടിക്കുക, പോക്കറ്റടിക്കുക തുടങ്ങിയ ഉദ്ദേശ്യത്തോടെ ചുറ്റിക്കറങ്ങുകയും മറ്റേതെങ്കിലും വിധത്തിൽ അന്യന്റെ മുതലുകൾ കൈവശപ്പെടുത്തുകയും ചെയ്യുക. കൊടുക്കുമ്പോൾ തൂക്കത്തിലും അളവിലും കുറയ്ക്കുകയും എന്നാൽ വാങ്ങുമ്പോൾ കൂട്ടിവാങ്ങാൻ ശ്രമിക്കുകയും ചെയ്യുന്നത് മോഷണത്തിനും കൊള്ളയ്ക്കും തുല്യമാണ്. അതുകൊണ്ട് കച്ചവടത്തിൽ അല്പസ്വല്പം വഞ്ചനയൊക്കെയാകാം, അത് അത്രവലിയ പാപമൊന്നുമല്ല, എന്നൊന്നും ആരും ധരിച്ചുപോകരുത്. വ്യക്തമായ നിലയിൽ ഇത്തരം ചെയ്തികൾ പാപമാണെന്ന് പറഞ്ഞിരിക്കുന്നു. ചിലയാളുകൾ അന്യരുടെ മുതലുകൾ കൈവശപ്പെടുത്താൻ ശ്രമിക്കാറുണ്ട്. ഇന്ന വസ്തുവിന് എന്ത് വിലയുണ്ടെന്ന് വാങ്ങുന്നവന് അറിയുകയില്ല. അതുകൊണ്ട് അവനെ വിഡ്ഢിയാക്കി കൂടുതൽ തുക കൈക്കലാക്കുന്നതുകൊണ്ട് കുഴപ്പമൊന്നുമില്ല എന്നവർ ധരിക്കുന്നു. കുറച്ച് സ്വന്തം പോക്കറ്റിലിട്ട് കുറച്ച് ഉടമസ്ഥന് കൊടുത്താലും ഒന്നും സംഭവിക്കാനില്ല.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഇക്കാര്യവും കലഹങ്ങളുണ്ടാക്കുന്ന കാര്യങ്ങളിൽ പെട്ടതാണ്. അത് കുഴപ്പങ്ങളുണ്ടാക്കുന്ന പ്രവർത്തികളാണ്. മറ്റുള്ളവരുടെ മുതലുകൾ ഇങ്ങനെ തിന്നുകൊണ്ട് പരസ്പരമുള്ള കലഹങ്ങൾക്കും കുഴപ്പങ്ങൾക്കും അവർ കാരണക്കാരായിത്തീരുന്നു. തങ്ങളുടെ മുതൽ അപഹരിക്കപ്പെട്ടുവെന്ന് എതിർ കക്ഷികൾ അറിയുമ്പോൾ അവർ അതിന്നെതിരിൽ തിരിയുന്നു. ഇങ്ങനെ പരസ്പരബന്ധത്തിൽ ഉലച്ചിലുണ്ടാകുന്നു. ബന്ധങ്ങൾ മോശമായിത്തീരുന്നു. കേസുകളും വഴക്കുകളും നടക്കുന്നു. ശത്രുത നാമ്പെടുക്കുകയും അത് വളരുകയും അടിപിടിയിൽ കലാശിക്കുകയും ചെയ്യുന്നു. എതിർകക്ഷികൾ ക്ഷമ പാലിക്കുന്നവരും സഹിഷ്ണുത കാണിക്കുന്നവരുമാണെങ്കിൽ ഇത്തരം കുഴപ്പങ്ങളിൽനിന്ന് രക്ഷകിട്ടിയേക്കാം. ഇല്ലെങ്കിൽ ഞാൻ പറഞ്ഞതുപോലെ വഴക്കും കലഹവും അടിപിടിയും തന്നെയായിരിക്കും ഫലം. നിത്യേന നാം ഇത്തരം കാര്യങ്ങൾ കണ്ടുവരുന്നതാണ്.

ജനങ്ങളുടെ മുതലുകൾ തിന്നുന്നവരും തൂക്കത്തിൽ കുറയ്ക്കുന്നവരും നിഷിദ്ധമുതൽ തിന്നുന്ന കാരണത്താൽ സ്വാഭാവികമായും കലഹക്കാരും കുഴപ്പക്കാരുമായിരിക്കും. അവർ മറ്റുള്ളവരുടെ അവകാശങ്ങൾ ശ്രദ്ധിക്കുന്നവരാകുകയില്ല. എന്തെങ്കിലും നന്മയോ സമാധാനമോ അവരിൽനിന്ന് പ്രതീക്ഷിക്കാനും പറ്റുകയില്ല. അവരുടെ എല്ലാ പ്രവർത്തനങ്ങളിൽനിന്നും ദൈവികാനുഗ്രഹം ഉയർന്നുപോകുന്നു. അവരുടെ ഈ പ്രവൃത്തിയും വിശ്വാസവഞ്ചനയും അല്ലെങ്കിൽ മറ്റെന്തെങ്കിലും കാരണത്താൽ

മറ്റുള്ള വരുടെ മുതല് തിന്നുന്നതും ഈ വചനത്തിൽ പറഞ്ഞതുപോലെ കുഴപ്പത്തിന് കാരണമായിത്തീരും എന്നതിൽ സംശയമില്ല. ഇക്കാരണത്താലാണ് മുൻക ഴിഞ്ഞ സമുദായത്തിൽ നാശങ്ങളുണ്ടായത്.

ഖുർആനിൽ പ്രതിപാദിക്കപ്പെട്ട ഈ സംഭവ ങ്ങൾ നമ്മോട് വിളിച്ചോതുന്നത് വെറും ആ പഴയ ആളുകളുടെ കഥകൾ പറയുന്നുവെന്ന നിലയിലല്ല, പ്രത്യുത, വരുംതലമുറയ്ക്ക് അതിൽ പാഠങ്ങളുണ്ട്. അതായത്, അല്ലാഹു ആരുടേയും ബന്ധുവൊന്നുമ ല്ല. ഈ അദ്ധ്യാപനത്തിൽനിന്ന് ആര് അകന്നുപോ യാലും അവന്റെ ശിക്ഷയ്ക്കിരയാകും. ഇല്ലെങ്കിൽ, 'ഞങ്ങൾ ചെയ്ത തെറ്റ് കാരണത്താൽ ദൈവിക ശിക്ഷ ഞങ്ങളെ പിടികൂടി, എന്നാൽ പിന്നീട് വന്ന സമൂഹം ഞങ്ങൾ ചെയ്ത അതേ തെറ്റുകൾ ചെയ്തിട്ട് അവർക്കൊന്നും സംഭവിച്ചില്ല, അവർ സ്വതന്ത്രമായി വിലസുകയും സുഖത്തിൽ ജീവിക്കുകയും ചെയ്തു' എന്ന ആക്ഷേപം ശിക്ഷയ്ക്കിരയായ മുൻസമൂഹ ങ്ങൾ ഉന്നയിക്കുന്നതാണ്. അല്ലാഹു എല്ലാത്തി ന്റേയും ഉടമസ്ഥനാണെന്നത് ശരിതന്നെ. അവൻ ഇച്ഛി ക്കുന്നവരെ ശിക്ഷിക്കാനും അവൻ ഇച്ഛിക്കുന്ന വർക്ക് പ്രതിഫലം നൽകാനും അവന് അവകാശമു ണ്ട്. പക്ഷേ, മുൻകഴിഞ്ഞ ഈ സംഭവങ്ങളെക്കുറിച്ച് അല്ലാഹു അവൻതന്നെ നമ്മെ അറിയിച്ചുതന്നത് എന്തിനാണെന്നു വെച്ചാൽ, മുൻകഴിഞ്ഞ സമൂഹങ്ങ ളിൽ ഇന്നയിന്ന രീതിയിലുള്ള ദോഷങ്ങളു ണ്ടായിരുന്ന കാരണത്താൽ അവർ ശിക്ഷയ്ക്കിര യായി എന്നും അതിനാൽ ശിക്ഷയിൽനിന്ന് രക്ഷ പ്പെടാൻ നിങ്ങളാഗ്രഹിക്കുന്നെങ്കിൽ എന്റെ കല്പന യനുസരിച്ച് ജീവിക്കുകയും കലഹങ്ങളിൽനിന്ന് പിന്മാറുകയും ചെയ്യുക എന്നു പറയാനുമാണ്.

ഇക്കാലഘട്ടത്തിൽ ദുനിയാവിനോടുള്ള അത്യാ ഗ്രഹം കാരണത്താൽ വ്യക്തിപരമായും ജനതകളുടെ രാഷ്ട്രീയകളി കാരണത്താൽ സാമൂഹികപരമായും പരസ്പരം നടത്തുന്ന കച്ചവടങ്ങളിലും കൊടുക്കൽ വാങ്ങലുകളിലും നഷ്ടമുണ്ടാക്കാനുള്ള ശ്രമം നടന്നു വരുന്നു. ഉടമ്പടികളനുസരിച്ച് ശരിയായ നിലയിൽ പ്രവർത്തനം നടക്കുന്നില്ല. പലരീതിയിലുള്ള വിശ ദീകരണങ്ങളും തെളിവുകളും അവർ മെനഞ്ഞെടു ക്കുന്നു. ഈ പാശ്ചാത്യജനതയുടെ ഇംഗിതത്തിനു വഴങ്ങി മറ്റു ദരിദ്രരാഷ്ട്രങ്ങൾ പ്രവർത്തിക്കാതിരു ന്നാൽ, തങ്ങളുടെ ഉടമ്പടികളേയും മറ്റു വ്യാപാരങ്ങ ളേയും അവർക്ക് നഷ്ടമുണ്ടാക്കാനുള്ള മാർഗ്ഗമാക്കി മാറ്റുന്നു. എങ്ങനെയും തങ്ങളിൽനിന്ന് ഒരു പ്രയോ ജനവും ഈ ദരിദ്രരാഷ്ട്രങ്ങൾ എടുക്കാൻ പാടില്ലെന്ന് അവർ തീരുമാനിക്കുന്നു. ചിലപ്പോൾ ഈ ദരിദ്രരാ ഷ്ട്രങ്ങളെ സഹതാപം കാണിച്ച് വഞ്ചനയിലൂടെ കൊള്ളയടിക്കുന്നു. പിന്നീട് തങ്ങളുടെ ചൊൽപടി യിൽ കൊണ്ടുവരുന്നു. എതിർത്താൽ ഉടനെ സൈനി കനടപടി കൈക്കൊള്ളുന്നു. ശക്തി ഉപയോഗിച്ച് അവരെ കീഴ്പ്പെടുത്തുകയും ചെയ്യുന്നു.

ഈ കുഴപ്പങ്ങൾ ഉണ്ടാക്കുന്നവരുടെയും അന്യ രുടെ അവകാശങ്ങൾ തട്ടിപ്പറിച്ചെടുക്കുന്നവരുടേയും നയം ഇരട്ടത്താപ്പായിരിക്കും. തങ്ങളുടെ ഇംഗിത ത്തിന് വഴങ്ങുന്നവരുമായിട്ടുള്ള ഏർപ്പാടുകൾ ഒരു രീതിയിലും ദരിദ്രരാഷ്ട്രങ്ങളോടും അന്യമതരാഷ്ട്രങ്ങ ളോടുമുള്ള സമീപനം വേറൊരുരീതിയിലുമായിരി ക്കും. എന്നല്ല ദരിദ്രരാഷ്ട്രങ്ങളുടെ ജീവിതപദ്ധതി തയ്യാറാക്കുന്നു എന്ന വ്യാജേന അവരെ ഒരിക്കലും അഭിവൃദ്ധിപ്പെടാൻ പറ്റാത്ത നിലയിലുള്ള സാത്താ നിക വലകളിൽ ഇവർ കുടുക്കിക്കളയുന്നു. ദരിദ്ര രാഷ്ട്രങ്ങളിലെ സമ്പത്തും കൊള്ളയടിക്കുന്നു. ഇവർ നേട്ടമുണ്ടാക്കുന്നതും മറ്റുള്ളവർക്ക് നഷ്ടമുണ്ടാക്കു ന്നതുമായ ഈ എല്ലാ കാര്യങ്ങളുടേയും വേര് ഇത്ത രത്തിലുള്ള വാണിജ്യവും കൊടുക്കലും വാങ്ങലും തൂക്കത്തിലും അളവിലും കുറവ് വരുത്തലുമാണ്. അതുകൊണ്ടാണ് അല്ലാഹു വിശുദ്ധഖുർആനിൽ ഒരു പാട് സ്ഥലങ്ങളിൽ പറഞ്ഞിട്ടുള്ളത്. ***വലാ തബ്ഖ സുന്നാസ അശ്യാഅഹും വലാതുഫ്സിദു ഫിൽ അർളി*** എന്ന്. (ജനങ്ങൾക്ക് അവരുടെ വസ്തുക്ക ളിൽ നിങ്ങൾ കുറവുവരുത്തരുത്. ഭൂമിയിൽ നന്മ വരുത്തിയശേഷം നിങ്ങളതിൽ കുഴപ്പമുണ്ടാക്കരുത്- 7:86) ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. ഇതിന്റെ ഉദ്ദേശ്യം ഒരുരീതിയിലും ജനങ്ങളുടെ മുത ലുകൾക്ക് നഷ്ടമുണ്ടാക്കരുതെന്നാണ്. ഭൂമിയിൽ കുഴ പ്പമുണ്ടാക്കാൻ പാടില്ല. സൂറഃ അഅ്റാഫിൽ, ഈ വിഷയം ഒരായത്തിൽ വിവരിച്ചതിനുശേഷം അല്ലാഹു പറയുന്നു. ***ദാലിക്കും ഖയ്റുൻല്ലക്കും ഇൻ കുൻതും മുഅ്മിനീൻ***. നിങ്ങൾ വിശ്വസിക്കുന്നവ രാണെങ്കിൽ ഇത് നിങ്ങൾക്ക് ഉത്തമമായിരുന്നു. (7:86)

അതുകൊണ്ട് ഈ സന്ദേശം, വാണിജ്യപരമായ വഞ്ചന കാണിക്കുന്ന ഓരോ വ്യക്തിക്കും അത്തരം ഓരോ ജനതയുടേയും നേതാക്കന്മാർക്കും ഇന്ന് എത്തിച്ചുകൊടുക്കേണ്ടതാണ്. ശാന്തിയും മേൽക്കോ യ്മയും ഈ വഞ്ചനയിലൂടെ കരസ്ഥമാക്കാൻ നിങ്ങൾക്ക് സാധിക്കുകയില്ലെന്നും അതിനുവേണ്ടി അല്ലാഹുവിന്റെ കല്പനകളിൽ വിശ്വസിക്കേണ്ടത് നിർബന്ധമാണെന്നും അവരോട് പറയണം. ഇല്ലെ ങ്കിൽ കഴിഞ്ഞുകടന്ന ജനതയുടെ നാശം നിങ്ങൾക്ക് മുമ്പിൽ ഉണ്ടെന്നും മുൻസമുദായങ്ങളെ നശിപ്പിച്ച ശിക്ഷ ഇപ്പോഴും വന്നേക്കാമെന്നും അവർക്കറിയി ച്ചുകൊടുക്കണം. കണ്ണ് തുറന്നുനോക്കിയാൽ അത് വരുന്നതായി കാണാം. ലോകത്ത് എല്ലായിടത്തും ആപത്തുകളും നാശങ്ങളും വന്നുകൊണ്ടിരിക്കുന്നു. അമേരിക്കയിലും ഏഷ്യയിലും മറ്റുസ്ഥലങ്ങളിലുമെ ല്ലാം. ഇപ്പോൾ കാലാവസ്ഥാ കെടുതികളെ സംബ ന്ധിച്ച് യൂറോപ്പിലും പ്രവചനങ്ങൾ ഉണ്ടായിക്കൊ

ണ്ടിരിക്കുന്നു. ഇതിനൊക്കെ കാരണമായിത്തീരുന്നത് ഇന്ന് ലോകത്ത് വ്യാപിച്ചുകഴിഞ്ഞിരിക്കുന്ന നിരവധി തിന്മകൾ തന്നെയാണ്. അവയിലൊരു തിന്മ ഞാൻ മുകളിൽ പറഞ്ഞതുമാണ്. ഇതിൽനിന്ന് രക്ഷപ്പെടാൻ ഒരേയൊരു മാർഗ്ഗമേയുള്ളൂ. അതായത് അല്ലാഹുവിന്റെ കല്പനയനുസരിച്ച് പ്രവർത്തിക്കുക. ഓരോ അഹ്മദിയും തങ്ങളുടെ വൃത്തത്തിൽ, തങ്ങളുടെ പരിധിയിൽ ഈ സന്ദേശം എത്തിക്കേണ്ടതാണ്. വിശുദ്ധഖുർആന്റെ മുന്നറിയിപ്പുകളെ മുന്നിൽവെച്ചുകൊണ്ടുമാത്രം പ്രവർത്തിക്കേണ്ടതാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദത്തെക്കുറിച്ച് മുസ്ലിംകൾക്കും മറ്റുള്ളവർക്കും മനസ്സിലാക്കിക്കൊടുക്കേണ്ടതാണ്. നിങ്ങൾക്കുള്ള ഒന്നാമത്തെ കല്പന ഇതാണെന്നും ഈ പാഠമനുസരിച്ച് പ്രവർത്തിക്കണമെന്നും അവരോട് പറയണം. നമ്മുടെ മുസ്ലിംരാഷ്ട്രങ്ങളിൽ അളവും തൂക്കവും കുറച്ചുകൊടുക്കുന്നത് സർവ്വസാധാരണമാണ്. അതിൽ വഞ്ചന കാണിക്കുന്നവരാണ്. ക്രിസ്ത്യൻരാഷ്ട്രങ്ങളിൽ ചെറിയ ചെറിയ വ്യാപാരങ്ങളിൽ അവർ ഒരു പരിധിവരെ വിശ്വസ്തതയോടെ കൊടുക്കുകയും വാങ്ങുകയും ചെയ്യാറുണ്ട്. പൊതുവെ ഈ വിശ്വാസത്തിൽതന്നെയാണ് അവരുടെ കച്ചവടങ്ങളും നടന്നുവരുന്നത്. എന്നാൽ മുസ്ലിംരാഷ്ട്രങ്ങളിൽ ഇതിൽ ഒരുപാട് കുറവുണ്ട്. പല രാഷ്ട്രങ്ങളുമായി അവർ വാണിജ്യഇടപാട് നടത്തുന്നു. വലിയ വലിയ ഓർഡറുകൾ പാശ്ചാത്യരാഷ്ട്രങ്ങളിൽനിന്ന് ലഭിക്കുന്നു. പക്ഷേ, മുസ്ലിംകൾ പതുക്കെ പതുക്കെ വഞ്ചന കാണിക്കുകയും ശരിയായ നിലയിൽ ഇടപാടുകൾ നടത്താതിരിക്കുകയും ചെയ്യുന്ന കാരണത്താൽ അഭിവൃദ്ധിപ്പെടുന്നതിനു പകരം അവർ അധഃപതിക്കുകയാണ് ചെയ്യുന്നത്. തങ്ങൾ മറ്റുള്ളവരെ വഞ്ചിച്ച് പലതും നേടിയെന്നാണ് അത്തരക്കാർ മനസ്സിലാക്കുന്നത്. വാസ്തവത്തിൽ ദീർഘകാലമായി അവർക്ക് നഷ്ടമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്.

അത്തരക്കാർക്ക് അല്ലാഹു മുന്നറിയിപ്പ് നല്കിയിരിക്കുകയാണ്. ഈ പാപങ്ങളെക്കുറിച്ച് അറിയുന്നവരും ഈ ഗ്രന്ഥത്തെ വിശ്വസിക്കുന്നവരും ഇന്നവരുടെ കീഴിലാണുള്ളത്. ഇക്കാരണത്താൽ മുസ്ലിംകൾ ഒരു ജനത എന്നനിലയിൽ പുരോഗതി പ്രാപിക്കുന്നില്ല. നമുക്ക് അല്ലാഹു തആല വളരെ വ്യക്തമായ നിലയിൽ ഈ പഴയകാല സമുദായങ്ങളുടെ സംഭവങ്ങൾ പറഞ്ഞുതന്നു. ഇന്നയിന്നത് ചെയ്യാനും ഇന്നയിന്നത് ചെയ്യരുതെന്നും കല്പിക്കുകയും ചെയ്തു. അതുകൊണ്ട് നമ്മളിതനുസരിച്ച് പ്രവർത്തിക്കാത്തിടത്തോളംകാലം പുരോഗതി പ്രാപിക്കുകയില്ല. ഇന്ന് ലോകരെ എല്ലാവിധ നാശങ്ങളിൽനിന്നും വിപത്തുകളിൽനിന്നും രക്ഷപ്പെടുത്തുന്നതിനായി എല്ലാവിധ ഉന്നതമായ ധാർമ്മികഗുണങ്ങളനുസരിച്ചുള്ള കർമ്മങ്ങൾ ചെയ്യേണ്ടതും തബ്ലീഗ് ചെയ്യേണ്ടതും ഓരോ അഹ്മദിയുടേയും നിർബന്ധകടമയാണ്. ഇതുസംബന്ധമായി നബി(സ) തിരുമേനി നമ്മുടെ മുമ്പിൽ എന്തു മാതൃകയാണ് കാഴ്ചവെച്ചിട്ടുള്ളത്? അവിടന്ന് കച്ചവടസാധനങ്ങൾ വാങ്ങുകയും കൊടുക്കുകയും ഉടമ്പടി ചെയ്യുകയും വാക്കുപാലിക്കുകയും വാങ്ങിയ കടം തിരികെ കൊടുക്കുകയുമൊക്കെ ചെയ്തിരുന്നു. അതെല്ലാം ഇന്നപോലെ ചെയ്യുക എന്ന് പറഞ്ഞ് അവിടന്ന് തന്റെ ഉമ്മത്തിനേയും ഉപദേശിച്ചു. അല്ലാഹുവിന്റെ കല്പനയനുസരിച്ച് അവിടന്ന് നല്കിയ അദ്ധ്യാപനങ്ങളുടെ ചില ഉദാഹരണങ്ങൾ ഞാൻ പറയാം.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അദാഅ് ബിൻ ഖാലിദ് ബിൻ ഔസാ നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി എനിക്കുവേണ്ടി ഒരു ഇടപാട് രേഖ എഴുതി. അതായത്, അദാഅ് ബിൻ ഖാലിദ് ബിൻ ഔസാ അല്ലാഹുവിന്റെ ദൂതനായ മുഹമ്മദ്(സ)ൽനിന്ന് ഒരടിമയെ വാങ്ങി. അവനിൽ രോഗമോ ദുസ്വഭാവമോ ദുഷ്ടതയോ ഒന്നുമില്ല. രണ്ട് മുസ്ലിംകൾ തമ്മിലുള്ള പരസ്പര കച്ചവടമാണിത്. ഇതിലൊരുതരത്തിലുള്ള വഞ്ചനയും കാണിച്ചിട്ടില്ല.

നോക്കുക, നബി(സ)തിരുമേനി എത്രമാത്രം സൂക്ഷ്മത പാലിക്കുന്നു. അവിടത്തെ സത്യതയുടേയും ദൈവഭയത്തിന്റേയും നിലവാരം അത്യുന്നതമായിരുന്നു. അവിടംവരെ എത്തിപ്പെടാൻ ആർക്കും സാദ്ധ്യമല്ല. തീർച്ചയായും അവിടന്ന് നല്ലവണ്ണം പരിശോധിച്ചതിനുശേഷമായിരിക്കും ഈ രേഖ എഴുതിപ്പിച്ചിട്ടുണ്ടാവുക. ആ അടിമയെ നല്ലവണ്ണം സൂക്ഷ്മപരിശോധന നടത്തിയതിനുശേഷമായിരിക്കും അവനെ സംബന്ധിച്ച് നബി(സ)ന് ഈ വിശ്വാസമുണ്ടായിട്ടുണ്ടാകുക. ഞാൻ പറയുന്നയാളിൽ ഇന്നയിന്ന ഗുണങ്ങളുണ്ടെന്ന് തുറന്നുപറയുകയാണെന്ന് അവിടന്ന് പറഞ്ഞു. ചില ഘട്ടങ്ങളിൽ മനുഷ്യന്റെ ആരോഗ്യത്തെക്കുറിച്ച് ഒന്നും പറയാൻ കഴിയുകയില്ല. അതുകൊണ്ട് ഞാൻ പറഞ്ഞ കാര്യങ്ങളെക്കുറിച്ച് താങ്കളും പരിശോധിച്ചുകൊള്ളുക. ഞാൻ പറഞ്ഞതുപോലെ തന്നെയാണോ എന്ന് നോക്കിക്കൊള്ളുക. ഇങ്ങനെയെല്ലാ കാര്യങ്ങളും അവിടന്ന് തുറന്നുപറഞ്ഞു. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബൂറാഫിഅ്(റ) പറയുന്നു: നബി(സ) തിരുമേനി ഒരു ഒട്ടകത്തെ ആരിൽനിന്നോ കടം വാങ്ങി. പിന്നീട് സക്കാത്ത് ഇനത്തിൽ കുറച്ച് ഒട്ടകം നബിയുടെ കൈയ്യിൽ വന്നു. ആ ആളുടെ ഒട്ടകത്തെ മടക്കിക്കൊടുക്കാൻ നബി(സ) പറഞ്ഞു. ഈ ഒട്ടകങ്ങളിൽ വളരെ മനോഹരമായ ഒരു ഒട്ടകമുണ്ടെന്ന് ഞാനറിയിച്ചു. അതിന് ഏഴ് വയസ്സ് പ്രായമുണ്ട്. അതിനെത്തന്നെ അയാൾക്ക് കൊടുക്കാൻ നബി(സ) പറഞ്ഞു. കാരണം ഉത്തമരീതിയിൽ കടംവീട്ടുന്നവനാണ്

ഉത്തമ മനുഷ്യൻ.

നബി(സ) തിരുമേനി എത്രനല്ല രീതിയിലാണ് കടം വീട്ടിയതെന്ന് നോക്കുക. സമൂഹത്തിൽ സ്നേഹവും സന്തോഷവും വിതറുന്ന രീതിയാണിത്. എന്നാൽ, നേരിട്ടുള്ള കച്ചവടത്തിൽപോലും ഇന്ന് എങ്ങനെയെങ്കിലും വഞ്ചന നടത്താനാണ് ജനങ്ങൾ ശ്രമിക്കാറുള്ളത്. നുബുവ്വത്ത് വാദത്തിനു മുമ്പേയും കൊടുക്കുന്നതിലും വാങ്ങുന്നതിലും കച്ചവടത്തിലും നബി(സ) കാണിച്ചിട്ടുള്ള ഉന്നതമായ ധാർമ്മികഗുണത്തെക്കുറിച്ച് നിവേദനങ്ങളിൽ വന്നിട്ടുണ്ട്.

ഹസ്റത്ത് സായിബ്(റ) നിവേദനം ചെയ്യുന്നു. ഞങ്ങൾ നബി(സ) തിരുമേനിയുമായി ജാഹ്ലിയാ കാലഘട്ടത്തിൽ കച്ചവടത്തിൽ പങ്കെടുക്കാറുണ്ടായിരുന്നു. എന്നാൽ, വഞ്ചന കാണിക്കുകയോ കലഹിക്കുകയോ ചെയ്യുന്നതായി ഞങ്ങളൊരിക്കലും അദ്ദേഹത്തെ കണ്ടിട്ടില്ല.

ഇന്ന് ഈ മാതൃകയനുസരിച്ച് നാം പ്രവർത്തിക്കുകയാണെങ്കിൽ ഒരുപാട് കലഹങ്ങളിൽനിന്ന് സമൂഹം രക്ഷപ്പെടുന്നതാണ്. ഇടപാടുകൾ എഴുതി രേഖപ്പെടുത്തുന്നുണ്ടായിട്ടും വഴക്കുകൾക്ക് ഒരു കുറവുമില്ല. അതിന്റെ പേരിൽ കേസുകളും നടക്കുന്നു. വർഷങ്ങളോളം കേസ് നീണ്ടുപോകുന്ന കാരണത്താൽ ഇരുകക്ഷികൾക്കും സാമ്പത്തികനഷ്ടവുമുണ്ടാകുന്നു.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. മുആരിബ് ബിൻ രിസാർ(റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: ജാബിർ ബിൻ അബ്ദുല്ലാ(റ) ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടു. നബി(സ) തിരുമേനി എനിക്ക് കടംവീട്ടാനുണ്ടായിരുന്നു. അവിടന്ന് എന്റെ തുക എനിക്ക് മടക്കിത്തന്നു. ഞാൻ കൊടുത്ത തുകയേക്കാൾ കൂടുതലാണ് എനിക്ക് നല്കിയത്.

ഇങ്ങനെ അധികം തുക നൽകുന്നത് പലിശയൊന്നുമില്ല. ഉത്തമരീതിയിലുള്ള കടം വീട്ടലാണിതെന്ന് നബി(സ) തിരുമേനി പറഞ്ഞതായി ഒരു നിവേദനത്തിൽ വന്നിട്ടുണ്ട്. 'എനിക്ക് ആവശ്യം നേരിട്ടപ്പോൾ നിങ്ങളെന്നെ സഹായിച്ചു' എന്നുപറഞ്ഞ് നന്ദി രേഖപ്പെടുത്തിക്കൊണ്ട് കടം വീട്ടിയാൽ, 'ഇതിന്റെ സന്തോഷത്താൽ ഞാൻ ഈ തുക അധികമധികമായി തരികയാണ്' എന്ന് പറഞ്ഞ് അത് കൊടുത്താൽ അതൊരു നല്ല മാതൃകയായിരിക്കും. ഈ മാതൃക മുഖേന സമൂഹത്തിൽ സ്നേഹത്തിന്റെയും സമാധാനത്തിന്റേയും അന്തരീക്ഷമുണ്ടാകുന്നതാണ്. ദാറുഖുത്നിയിൽ സുദീർഘമായ ഒരു നിവേദനമുണ്ട്. പ്രാരംഭ കാലഘട്ടത്തിൽ മക്കയിലെ ബിംബാരാധകർ നബി(സ) തിരുമേനിയോട് ചെയ്ത അക്രമപരമായ പ്രവർത്തനങ്ങളെക്കുറിച്ച് നിവേദകൻ അതിൽ വിവരിച്ചിരിക്കുന്നു. പിന്നീട് അറേബ്യ മുഴുവൻ നബി (സ) തിരുമേനിയുടെ കീഴിൽ വന്നപ്പോൾ അവിടന്ന് നടത്തിയ ഇടപാടുകളെ സംബന്ധിച്ചും അതിൽ വിവരിച്ചിട്ടുണ്ട്.

ഈ ഹദീസിന്റെ നിവേദകൻ താരിഖ് ബിൻ അബ്ദുല്ലാ മുആരിബ്(റ) ആണ്. അദ്ദേഹം പറയുന്നു. അദ്ദേഹവും അദ്ദേഹത്തിന്റെ കൂട്ടുകാരും മദീനയുടെ സമീപപ്രദേശത്തുവന്ന് തമ്പടിച്ചു. അപ്പോൾ ശുഭ്ര വസ്ത്രധാരിയായ ഒരാൾ ഞങ്ങളുടെയടുക്കൽ വന്നു. (ഞാൻ ഈ നിവേദനത്തിലെ എന്റെ വിഷയവുമായി ബന്ധപ്പെട്ട ഭാഗം മാത്രമാണ് പറയുന്നത്.) അദ്ദേഹം സലാം ചൊല്ലിക്കൊണ്ട് ഞങ്ങൾ എവിടെന്ന് വന്നതാണെന്ന് ചോദിച്ചു. റബ്സയിൽനിന്നാണ് വന്നതെന്ന് ഞങ്ങൾ മറുപടി പറഞ്ഞു. നിവേദകൻ പറയുന്നു. ഞങ്ങളുടെ കയ്യിൽ ഒരു ചെമന്ന ഒട്ടകമുണ്ടായിരുന്നു. (ഈ ചെമന്ന ഒട്ടകത്തിന് അക്കാലത്ത് നല്ല വിലയായിരുന്നു.) ആ ആഗതനായ വ്യക്തി നബി(സ) തിരുമേനിയായിരുന്നു. അക്കാലത്ത് നിവേദകന് ആ മഹാത്മാവിനെ അറിയുമായിരുന്നില്ല. ഈ ഒട്ടകത്തെ വില്ക്കാൻ ആഗ്രഹിക്കുന്നുണ്ടോ എന്ന് അവിടന്ന് ചോദിച്ചു. വില്ക്കുന്നു എന്ന് ഞങ്ങൾ പറഞ്ഞു. എത്ര വില വേണമെന്ന് അവിടന്ന് തിരക്കി. കുറച്ച് സാഅ് കാരക്ക അതിന്റെ വിലയായി കിട്ടണമെന്ന് ഞങ്ങൾ പറഞ്ഞു. നബി(സ) തിരുമേനി അത് സമ്മതിച്ചു. ഇതിന്റെ വില മദീനയിൽ പോയിട്ട് കൊടുത്തുവിടാമെന്ന് പറഞ്ഞ് അവിടന്ന് ആ ഒട്ടകവുമായി മദീനയിലേക്ക് പുറപ്പെട്ടു. നിവേദകൻ പറയുന്നു. അവിടന്ന് ഒട്ടകവുമായി പോവുകയും ഞങ്ങളുടെ കണ്ണിൽനിന്ന് മറയുകയും ചെയ്തു. അതിനുശേഷമാണ് ആ വന്നയാളെക്കുറിച്ച് തിരക്കിയില്ലല്ലോ എന്ന ചിന്ത ഞങ്ങൾക്കുണ്ടായത്. അയാൾ ആരാണ്? എവിടന്ന് വന്നു? പൈസ കിട്ടുമോ? ഇതൊന്നും ഞങ്ങൾക്കറിയില്ല. ഈ വിഷയമങ്ങനെ ഒരു ചർച്ചയായി മാറി. അവർ പരസ്പരം പഴി ചാരാൻ തുടങ്ങി. പറയുന്നു ഞങ്ങളുടെ കൂട്ടത്തിൽ ഒരു സ്ത്രീയുമുണ്ടായിരുന്നു. (അവർ വളരെ ബുദ്ധിമതിയും മുഖലക്ഷണം നോക്കി ആളെ തിരിച്ചറിയുന്നവരുമായിരുന്നു.) നിവേദകൻ പറയുന്നു. ആ സ്ത്രീ ഞങ്ങളോട് പറഞ്ഞു. നിങ്ങൾ പരസ്പരം പഴി ചാരണ്ട. ഞാൻ ആ വ്യക്തിയുടെ മുഖം നോക്കിയിരുന്നു. നിങ്ങളെ നിന്ദ്യമാക്കുന്ന മുഖമല്ല അത്. പതിനാലാം രാവിലെ ചന്ദ്രനോട് സാദൃശ്യമുള്ള ഇതുപോലൊരു മുഖം ഞാൻ വേറെങ്ങും ഒരിക്കലും കണ്ടിട്ടില്ല.

രാത്രി ഭക്ഷണനേരത്ത് ഒരാൾ ഞങ്ങളുടെ അടുക്കൽ വന്നു. ഞങ്ങൾക്ക് സലാം ചൊല്ലി. നബി(സ) തിരുമേനിയുടെ ദൂതനെന്ന നിലയിലാണ് താൻ വന്നിരിക്കുന്നതെന്ന് അയാൾ അറിയിച്ചു. അദ്ദേഹം നിങ്ങൾക്കായി ഭക്ഷണം തന്നയച്ചിട്ടുണ്ട്. നിങ്ങളത് വയറുനിറയെ കഴിച്ചുകൊള്ളുക. ഈ കാരയ്ക്ക

നിങ്ങളുടെ ഒട്ടകത്തിന്റെ വിലയ്ക്ക് സമാനം അളന്നെടുക്കുകയും ചെയ്യുക. നോക്കുക, നബി(സ) രാത്രിയിലേക്കുള്ള ഭക്ഷണവും അവർക്ക് കൊടുത്തയച്ചു. ഒട്ടകത്തിന്റെ വിലയും നല്കി.

അവിടന്ന് ഒട്ടകത്തിനു പകരം പറഞ്ഞ കാരയ്ക്ക അളന്ന് തൂക്കി കൊടത്തുവിടുകയില്ല ചെയ്തത്. മറിച്ച്, കാരയ്ക്ക അളന്നെടുക്കാനാണ് അവരോട് നിർദ്ദേശിച്ചത്. തെറ്റുധാരണയ്ക്കുള്ള ഒരു വഴിയും അവിടന്ന് ബാക്കിവെച്ചില്ല.

പരസ്പരമുള്ള ഇടപാടുകളേയും സൂക്ഷിപ്പ് മുതൽ തിരിച്ചുകൊടുക്കേണ്ടതിനേയുംകുറിച്ച് അവിടന്ന് നമ്മെ ഉപദേശിക്കുന്നു. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു. ആരെങ്കിലും നിങ്ങളെ ഏതെങ്കിലും വസ്തു സൂക്ഷിക്കാനേല്പിച്ചാൽ അത് അയാൾക്ക് തിരിച്ചുകൊടുക്കുക. നിങ്ങളോട് വിശ്വാസവഞ്ചന കാണിച്ചവനോടും നിങ്ങൾ വിശ്വാസവഞ്ചന കാണിക്കാതിരിക്കുക.

അമാനത്ത് തിരിച്ചുകൊടുക്കുക എന്നുമാത്രമല്ല പറഞ്ഞത് വിശ്വസിച്ചേല്പിച്ച മുതലിൽ വഞ്ചന കാണിക്കുന്നവൻ വിശ്വാസിയല്ലെന്നും പറഞ്ഞിരിക്കുന്നു.

ഇത് സംബന്ധമായി മറ്റൊരു നിവേദനമുണ്ട്. ഹസ്റത്ത് അനസ് ബിൻ മാലിക്(റ) നിവേദനം ചെയ്യുന്നു. നബി(സ) ഞങ്ങളെ സംബോധന ചെയ്ത് എപ്പോഴും ഇങ്ങനെ പറയാറുണ്ടായിരുന്നു. ***ലാ ഈമാന ലിമൻല്ലാ അമാനത്തലഹൂ വലാദീന ലിമൻല്ലാ അഹദ ലഹൂ.*** ആരാണോ അമാനത്തിനെ ശ്രദ്ധിക്കാത്തത് അവന്റെ വിശ്വാസം ഒരു വിശ്വാസമല്ല. ആരാണോ പ്രതിജ്ഞ പാലിക്കാത്തത് അവനൊരു മതവുമില്ല.

ആരെങ്കിലും എന്തെങ്കിലും ഒരാളുടെ പക്കലേല്പിച്ചു, അയാൾ അത് തിരിച്ചുകൊടുത്തു, ഇതു മാത്രമല്ല അമാനത്ത്. ജോലി എടുക്കുന്ന ആൾ ആത്മാർത്ഥതയോടെ ജോലിയെടുക്കുന്നില്ലെങ്കിൽ അത് വിശ്വാസവഞ്ചനയാണ്. മുതലാളി നീതിപൂർവ്വം പെരുമാറാത്തതുകൊണ്ട് തൊഴിലാളി തന്റെ തൊഴിലിനോട് കൂറുപുലർത്തുന്നില്ലെങ്കിൽ അതും വിശ്വാസവഞ്ചനയാണ്. വ്യാപാരരംഗങ്ങളിൽ പരസ്പരം വിശ്വസിച്ചുകൊണ്ട് നടത്തുന്ന ഏർപ്പാടുകളിലും ഒരാൾ മറ്റൊരാളുടെ വിശ്വാസത്തിന് ക്ഷതമേല്പിച്ചാൽ അത് വിശ്വാസവഞ്ചനയാണ്.

നമ്മുടെ നാട്ടിൽ സാധനങ്ങൾ മായം ചേർത്ത് വില്ക്കാറുണ്ട്. ഇതും വിശ്വാസവഞ്ചനയാണ്. ആരുടെയെങ്കിലും അവകാശം കൈവശപ്പെടുത്തുന്നതും വിശ്വാസവഞ്ചനയാണ്. അത് വിശ്വാസത്തിൽ ബലഹീനതയുണ്ടെന്നുള്ളതിന്റെ അടയാളമാണ്. വാഗ്ദാനം പാലിക്കേണ്ടതാണ്. ഉടമ്പടി ചെയ്തിട്ട് ലംഘിക്കുകയാണെങ്കിൽ അത് പാപമാണ്. അത്തരക്കാരെ കുറിച്ച് പറഞ്ഞത് അവർ ചതിയന്മാരും അധാർമ്മികരുമാണെന്നാണ്.

നബി(സ) തിരുമേനി തന്റെ സ്വഹാബത്തിൽ വിശ്വസ്തതയും സത്യസന്ധതയും നിലനാട്ടുന്നതിനായി അവരെ ബോധവാന്മാരാക്കുകയുണ്ടായി. ചില സന്ദർഭങ്ങളിൽ സഹാബത്ത് കച്ചവടങ്ങളിൽ വില പേശുമായിരുന്നു. ഉദാഹരണത്തിന് വാങ്ങുന്നയാൾ താൻ വാങ്ങാൻ ഉദ്ദേശിക്കുന്ന വസ്തുവിന്റെ വില കൂട്ടിപ്പറയുമായിരുന്നു. കൊടുക്കുന്നയാൾ പറയുന്ന വില ചിലപ്പോൾ കുറവായിരിക്കും. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഒരിക്കൽ ഒരു സഹാബി ഒരു കുതിരയെ മറ്റൊരു സഹാബിക്ക് വില്ക്കാൻ പുറപ്പെട്ടു. കുതിരയുടെ ഉടമസ്ഥൻ പറഞ്ഞ വില വാങ്ങുന്ന സഹാബിക്ക് കുറവായിതോന്നി. അയാൾ അതിന്റെ വില മൂന്നുനാലിരട്ടി കയറ്റിപ്പറഞ്ഞു. അതിനെ തുടർന്ന് വഴക്കായി. വില്ക്കുന്നയാൾ പറയുന്നു, ഞാൻ വിലകുറച്ചേ തരികയുള്ളൂ. വാങ്ങുന്നയാൾ പറയുന്നു, ഞാൻ വിലകൂട്ടിയേ എടുക്കുകയുള്ളൂ.

ഇതായിരുന്നു സഹാബത്ത് സമ്പാദിച്ച ഉന്നതമായ നില. ഈ നിലവാരമാണ് ഒരു സത്യവിശ്വാസി ആർജ്ജിക്കേണ്ടത്. ഈ കാര്യങ്ങൾ സത്യവിശ്വാസി ശ്രദ്ധിക്കേണ്ടതാണ്. വിശ്വസ്തതയുടേയും സത്യസന്ധതയുടേയും നിലവാരം ഉയർത്തേണ്ടതുമാണ്.

ലോകത്ത് പൊതുവെ കാണുന്ന വലിയൊരു രോഗമാണ് കടം വാങ്ങൽ. അതുമുഖേന കലഹങ്ങൾ പൊട്ടിപ്പുറപ്പെടുന്നു. തൊഴിൽ സംബന്ധമായോ മറ്റു വല്ല കാര്യത്തിനായോ കടമെടുക്കാറുണ്ട്. കടം വീട്ടേണ്ട സമയമെത്തുമ്പോൾ പല വക്രതകളും കാണിക്കാൻ തുടങ്ങുന്നു. കടം വാങ്ങുമ്പോൾതന്നെ ചിലരുടെ ഉദ്ദേശ്യം കൊടുക്കണ്ട എന്നതായിരിക്കും. കടം വാങ്ങുന്ന സമയത്ത് അതും ഇതും പറഞ്ഞ് എങ്ങനെയെങ്കിലുമൊക്കെ അത് കൈക്കലാക്കും. അല്ലെങ്കിൽ തൊഴിലിൽ പങ്കാളിയാക്കും. അത്തരം കടം വാങ്ങുന്നവരോട് നബി(സ) തിരുമേനി പറയുന്നു. ഹസ്റത്ത് അബൂ ഹുറയ്റ(റ) നിവേദനം ചെയ്യുന്നു. ആരാണോ തിരിച്ചുകൊടുക്കണമെന്ന ഉദ്ദേശ്യത്തോടെ ജനങ്ങളിൽനിന്ന് കടം വാങ്ങിയത് അല്ലാഹു താൻതന്നെ അത് കൊടുത്തുവീട്ടാനുള്ള സാഹചര്യമൊരുക്കുന്നതാണ്. ആരാണോ മുതൽ നശിപ്പിക്കണമെന്ന ഉദ്ദേശ്യത്തോടെ കടമെടുക്കുന്നത് അല്ലാഹു അവനെ നശിപ്പിക്കുന്നതാണ്. ഇത് സാധാരണ നമ്മൾ കണ്ടുവരുന്ന കാര്യമാണ്. അത്തരക്കാരുടെ പ്രവർത്തികളിൽ ഒരു അനുഗ്രഹവുമുണ്ടാവുകയില്ല. സാമ്പത്തികമായനിലയിൽ അവർ മുങ്ങിത്താഴുകയും സ്വയം നശിച്ചൊടുങ്ങുകയും ചെയ്യുന്നു. പറഞ്ഞുമയക്കി ആരിൽനിന്നാണോ പണം വാങ്ങുന്നത്

അയാളേയും ഇത്തരക്കാർ വഞ്ചിക്കാറുണ്ട്. ചിലർ കച്ചവടത്തിൽ പണമിറക്കുന്നത് തനിക്ക് അസാധാരണമായ നിലയിൽ ലാഭം കിട്ടുമെന്ന അത്യാർത്തിയിലായിരിക്കും. അവിടെ ബുദ്ധിക്കും ചിന്തയ്ക്കുമൊന്നും വിലയില്ല. ലാഭം കിട്ടുമെന്ന വിചാരത്താൽ പണം നഷ്ടപ്പെടുത്തിക്കളയുന്നു. ഇക്കാര്യത്തിൽ നല്ലവരും ബുദ്ധിമാന്മാരും എന്നു തോന്നുന്നവർപോലും കുടുങ്ങുന്നുവെന്നതാണ് യാഥാർത്ഥ്യം. അവർ ഇത്തരം വഞ്ചകർക്ക് ഒരുമടിയും കൂടാതെയാണ് പണമെടുത്തു കൊടുക്കുന്നത്. കടം എപ്പോൾ വാങ്ങുകയാണെങ്കിലും സദുദ്ദേശ്യത്തോടെയാണ് വാങ്ങേണ്ടത്. അങ്ങനെയുള്ളവരെ അല്ലാഹു സഹായിക്കുമെന്ന് അവിടന്ന് പറഞ്ഞു. ഇതായിരിക്കണം ഒരഹ്മദിയുടെ മാതൃക. കടം വീട്ടുന്നതും വളരെ നല്ലനിലയിലായിരിക്കേണ്ടതാണ്. ഇതിനെക്കുറിച്ച് മുകളിൽ ഞാൻ പറഞ്ഞുവന്നതാണ്. മറ്റൊരു നിവേദനത്തിൽ വന്ന നബി(സ) തിരുമേനിയുടെ മാതൃക ഇനി പറയാം. ഒരാൾക്ക് നബി(സ) തിരുമേനി ഒരുവയസ്സ് പ്രായമുള്ള ഒട്ടകം കൊടുക്കാനുണ്ടായിരുന്നു. അയാൾ വന്ന് അതിനെ ആവശ്യപ്പെട്ടു. അയാൾക്ക് ഒട്ടകത്തെ കൊടുക്കാൻ അവിടന്ന് നിർദ്ദേശിച്ചു. അയാൾ ആവശ്യപ്പെട്ട നിലയിലുള്ള ഒട്ടകത്തെ തിരഞ്ഞെങ്കിലും അതുപോലുള്ളതിനെ കിട്ടിയില്ല. ഒട്ടകങ്ങളെല്ലാം അയാൾ ചോദിച്ചതിനേക്കാൾ പ്രായമുള്ളതും വിലപിടിച്ചതുമായിരുന്നു. നബി(സ) അവയിലൊരെണ്ണം അയാൾക്ക് കൊടുക്കാൻ കല്പിച്ചു. ഒട്ടകത്തെ കിട്ടിക്കഴിഞ്ഞപ്പോൾ അയാൾ പറഞ്ഞു: താങ്കൾ എന്റെ കടം വളരെ നല്ലനിലയിലാണ് മടക്കിത്തന്നത്. അല്ലാഹുതആല താങ്കൾക്ക് കൂടുതൽ നല്ലത് തരുമാറാകട്ടെ. നബി(സ) തിരുമേനി പറഞ്ഞു: കടം വീട്ടുന്നകാര്യത്തിൽ ഉത്തമനാണ് നിങ്ങളിലേറ്റവും ഉത്തമൻ. കടം വീട്ടുന്നതിന്റെ രീതിയിതാണ്. ഇതിന്റെ മാതൃക നബി(സ)യാണ് നമുക്ക് കാണിച്ചുതന്നത്. ലോകത്തുനിന്ന് കുഴപ്പങ്ങൾ അകറ്റാൻ അഹ്മദികൾ ആഗ്രഹിക്കുന്നെങ്കിൽ പരസ്പരമുള്ള കൊടുക്കൽ വാങ്ങലും കടവും ഇത്ര നല്ല നിലയിൽ വീട്ടേണ്ടതാണ്. ഭംഗിയായനിലയിൽ വ്യാപാര ഇടപാടുകൾ പരിഹരിക്കേണ്ടതാണ്. ഒരുവിധത്തിലുള്ള വഞ്ചനയും ദുരുദ്ദേശ്യവും അതിലുണ്ടാകാൻ പാടില്ല.

ഹസ്റത്ത് മസീഹ് മൗഊദ്(അ) നഫ്സെ അമ്മാറ അഥവാ ദോഷപ്രവണമായ ആത്മാവിന്റെ അവസ്ഥ വിവരിച്ചുകൊണ്ട് പറയുന്നു. ഈ അവസ്ഥയെ നന്നാക്കിത്തീർക്കുന്നതിന് നീതിപൂർവ്വം (അദൽ) പ്രവർത്തിക്കാനാണ് കല്പന. ഇതിനായി സ്വയേച്ഛയ്ക്ക് വിരുദ്ധമായി പ്രവർത്തിക്കേണ്ടി വരും. ഉദാഹരണത്തിന് ആർക്കെങ്കിലും കടം വീട്ടാനുണ്ടെങ്കിൽ ദോഷപ്രവണമായ ആത്മാവ് അത് അമർത്തിവെക്കാൻ പറയുന്നു. സന്ദർഭവശാൽ കടം വീട്ടാനുള്ള കാലാവധിയും കഴിയുന്നു. അപ്പോൾ ആ ആത്മാവ് കൂടുതൽ തന്റേടിയും കടിഞ്ഞാണില്ലാത്തതുമായിത്തീരും. ഇനിയിപ്പോൾ നിയമപരമായ നിലയിലും ആരും ചോദിക്കാൻ വരികയില്ല എന്ന് അത് പറയും. എന്നാൽ ഇതൊന്നും ശരിയല്ല. നീതി പറയുന്നത്, അവന് കൊടുക്കാനുള്ളത് കൊടുത്തുവീട്ടുക എന്നാണ്. വഞ്ചനയും ചതിയുമുപയോഗിച്ച് അതിനെ അപഹരിച്ചുവയ്ക്കരുത്. ചിലയാളുകൾ ഇക്കാര്യങ്ങൾ ഗൗനിക്കുന്നില്ലെന്ന് എനിക്ക് വേദനയോടെ പറയേണ്ടിവരുന്നു. നമ്മുടെ ജമാഅത്തിലും അത്തരക്കാരുണ്ട്. ഇക്കാര്യത്തിൽ അവർ വളരെ കുറച്ചുമാത്രമേ ശ്രദ്ധിക്കുന്നുള്ളൂ. കടം വീട്ടുന്നതിനുള്ള ഇത്തരം പ്രവർത്തികൾ നീതിക്ക് വിരുദ്ധമാണ്. നബി(സ) തിരുമേനി അത്തരക്കാരുടെ മയ്യിത്ത് നിസ്കരിച്ചിരുന്നില്ല. അതുകൊണ്ട് നിങ്ങളിലോരോരുത്തരും ഇക്കാര്യം നല്ലവണ്ണം ഓർമ്മിച്ചുകൊള്ളുക. കടംവീട്ടുന്നതിൽ അലസത കാണിക്കരുത്. എല്ലാത്തരം വഞ്ചനയിൽനിന്നും ചതിയിൽനിന്നും ഓടിമാറേണ്ടതാണ്. കാരണം അത് ദൈവകല്പനയ്ക്കു വിരുദ്ധമാണ്.

ഈ പാഠമാണ് നമ്മുടെ മുമ്പിലുള്ളത്. ഇസ്ലാമിലെ ശരിയായ മാതൃക ലോകത്ത് അവതരിപ്പിക്കുന്നു എന്നതാണ് നമ്മുടെ വാദം. പക്ഷേ, നമ്മുടെ പ്രവർത്തി ഇതിന്നെതിരാണെങ്കിൽ നാം ചിന്തിക്കേണ്ടതുണ്ട്. അങ്ങനെ വരുമ്പോൾ നാം നമ്മുടെ ജമാഅത്തിനോടുള്ള കടമ നിറവേറ്റുന്നവരാകുകയില്ല. പ്രതിജ്ഞ പാലിക്കുന്നവരുമാകുകയില്ല. മറിച്ച്, വ്യാപാരരംഗങ്ങളിൽ മറ്റുള്ളവരെ വഞ്ചിച്ചും കടം വീട്ടാതെ ഒഴികഴിവ് പറഞ്ഞും പാപികളായിത്തീരുന്നു. അങ്ങനെ കുഴപ്പക്കാരുടെ സംഘത്തിൽ ചെന്നുചേരുന്നു. ചിലർ ഇക്കാര്യങ്ങളെ ഗൗനിക്കുന്നില്ലെന്നും നമ്മുടെ ജമാഅത്തിലും അത്തരക്കാരുണ്ടെന്നും അവർ കുറച്ചുമാത്രമേ ഇക്കാര്യത്തിൽ ശ്രദ്ധിക്കുന്നുള്ളൂവെന്നും ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ ഇന്ന് ഞാനും വളരെ വേദനയോടെ അതാവർത്തിക്കുകയാണ്. മുൻകാലങ്ങളിൽ ഖലീഫ പറയുന്ന കാര്യങ്ങളും ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്ന കാര്യങ്ങളും നബി(സ)യുടെ അദ്ധ്യാപനങ്ങളുമെല്ലാം അത് പറയപ്പെടുന്ന സ്ഥലത്ത് മാത്രം പരിമിതമായിരുന്നു. ഇന്നത്തെപോലെ വിശാലമായ മാധ്യമ സൗകര്യങ്ങളൊന്നും അന്നുണ്ടായിരുന്നില്ല. അല്ലെങ്കിൽ അതിന്റെ സംക്ഷിപ്തമായ വിവരം കുറച്ചാഴ്ചകൾക്കുശേഷം ജമാഅത്തിലെ ചില അംഗങ്ങൾക്ക് എത്തുമായിരുന്നു. നേരിട്ട് ഫലം ലഭിക്കുന്നവർ വളരെ കുറച്ചേയുണ്ടായിരുന്നുള്ളൂ. എന്നാൽ ഇന്ന് എം.ടി.എ എന്ന അനുഗൃഹീതമായ വ്യവസ്ഥിതി മുഖേന ഈ ശബ്ദം ലക്ഷക്കണക്കിന് ചെവികളിൽ പെട്ടെന്നാണ് എത്തുന്നത്.

എന്നല്ല, ഇന്ന് നമ്മുടെ വാദത്തിന്റെ അലയൊലികൾ നമ്മളിലും അന്യരിലും ക്ഷണത്തിലെത്തുന്നു. മറ്റുള്ളവരും ഇതിനെ പ്രയോജനപ്പെടുത്തുന്നു. അതുകൊണ്ട് നമ്മുടെ ഉത്തരവാദിത്തം കൂടിയിരിക്കുകയാണ്. ഓരോ രാജ്യത്തും ഓരോ പട്ടണത്തിലുമുള്ള അഹ്മദികൾ അവരുടെ വാദമനുസരിച്ചുള്ള അദ്ധ്യാപനം നടപ്പിൽവരുത്താനും ദൈവസവിധത്തിൽ കുനിഞ്ഞുകൊണ്ട് ദൗർബല്യങ്ങൾ അകറ്റാനും ശ്രമിക്കേണ്ടതാണ്. ജമാഅത്തിന് ചീത്തപേരുണ്ടാക്കുന്ന ഒരു പ്രവർത്തിയും ഉണ്ടാകാതിരിക്കാൻ കഴിവിന്റെ പരമാവധി ശ്രദ്ധിക്കേണ്ടതാണ്. അത്തരക്കാർക്ക് ഞാനുമായി ഒരു ബന്ധവുമില്ലെന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ) വ്യക്തമായും പറഞ്ഞിരിക്കുന്നു. എന്നെ വിശ്വസിച്ചുകൊണ്ട് എനിക്ക് നിങ്ങൾ ചീത്തപ്പേരുണ്ടാക്കുകയാണോ എന്ന് അവിടന്ന് ചോദിക്കുന്നു. അങ്ങനെയാണെങ്കിൽ എനിക്ക് നിങ്ങളുമായി ഒരു ബന്ധവുമില്ല. അല്ലാഹുവിന്റെ കല്പനയനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ എനിക്ക് ബൈഅത്ത് ചെയ്ത ഉദ്ദേശ്യം പൂർത്തിയാക്കുന്നവരല്ല നിങ്ങൾ. എന്നാൽ, ഒരാൾ അന്യരുടെ മുമ്പിൽ താൻ അഹ്മദിയാണെന്ന് പറയുമ്പോൾ അന്യൻ അയാളെ അഹ്മദിയായിട്ടുതന്നെയാണ് കാണുന്നത്. അന്യൻ കൂടുതൽ പഠിക്കാതെ, മറ്റുള്ള അഹ്മദികൾ വിശ്വസിക്കാൻ പറ്റുന്നവരാണെന്ന് ധരിക്കുന്നതുപോലെ അയാളെ ക്കുറിച്ചും ധരിക്കുന്നു. ഇങ്ങനെ ഒരനഹ്മദി ഏതെങ്കിലും അഹ്മദിയുമായി ഇടപാടുകൾ നടത്തുമ്പോൾ അതിൽ എന്തെങ്കിലും വീഴ്ച അഹ്മദിയിൽ നിന്നുണ്ടായാൽ മുഴുവൻ അഹ്മദിയും അത്തരക്കാരാണെന്ന് അയാൾ കരുതുന്നു.

അമുസ്ലിംകളിൽനിന്നും അനഹ്മദികളിൽ നിന്നും നിരവധി കത്തുകൾ ഇതുസംബന്ധമായി എനിക്ക് ഈയ്യിടെ കിട്ടുന്നുണ്ട്. എന്തായാലും അത് ചീത്തപ്പേരിന് കാരണമായിത്തീരുന്നു. ജമാഅത്ത് വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. പുതിയതായി വരുന്ന ചില കച്ചവടക്കാർ തങ്ങളുടെ പങ്കാളികളെ വഞ്ചിക്കുന്നു. പക്ഷെ, പഴയ അഹ്മദികുടുംബത്തിൽപെട്ട ചിലരും ഇത്തരം വഞ്ചന കാണിക്കുന്നവരിൽ പെട്ടിരിക്കുന്നുവെന്നറിയുമ്പോഴാണ് എനിക്ക് കൂടുതൽ വിഷമമുണ്ടാകുന്നത്. പാക്കിസ്ഥാനിൽനിന്നും മറ്റു വിദേശരാജ്യങ്ങളിൽനിന്നും അനഹ്മദികൾ 'താങ്കളുടെ ഇന്ന അഹ്മദി ഞങ്ങളുടെ ഇത്ര പൈസ തിന്നുമുടിച്ചു' എന്ന് പറഞ്ഞുകൊണ്ട് കത്തെഴുതുന്നു. 'ഞാൻ താങ്കൾക്ക് കത്തെഴുതിയിരുന്നു. താങ്കൾ ജമാഅത്തിനോട് പറഞ്ഞു. ജമാഅത്ത് എന്നെ വളരെ സഹായിച്ചു. എന്നാൽ പൈസ തരാനുള്ള അഹ്മദി എനിക്ക് അത് തരാൻ തയ്യാറായില്ല. അതുകൊണ്ട് ഞാൻ എന്റെ കാര്യം ഇനി അല്ലാഹുവിൽ അർപ്പിക്കുന്നു.' എന്നുവരെ ഒരനഹ്മദി എനിക്കെഴുതി.

അനഹ്മദി പറയുന്നതിന് പകരം 'ഞാനെന്റെ കാര്യം അല്ലാഹുവിൽ അർപ്പിക്കുന്നു' എന്ന് അഹ്മദിയായിരുന്നു പറയേണ്ടിയിരുന്നത്. പ്രശ്നങ്ങൾ ഇവിടെ അറിയുമ്പോൾ മറ്റുള്ളവരുടെ പണം തിരിച്ചുകൊടുപ്പിക്കാനുള്ള ശ്രമം നടത്താറുണ്ട്. ചില ഘട്ടങ്ങളിൽ ഇത്തരം വിവരം അറിയിക്കുന്നവരും സദുദ്ദേശ്യത്തോടെയായിരിക്കുകയില്ല കാര്യങ്ങൾ പറയുന്നത്. അവർ അനുവദനീയമല്ലാത്തതായിരിക്കും ചോദിക്കുക. പക്ഷേ തന്റെ കൊടുക്കൽ വാങ്ങലും അളവും തൂക്കവും കച്ചവടവും കടം തിരിച്ചുകൊടുക്കലും തികച്ചും സുരക്ഷിതമാക്കി വെക്കേണ്ടത് ഒരഹ്മദിയുടെ കടമയാണ്. വിശുദ്ധഖുർആന്റെ അദ്ധ്യാപനങ്ങളും നബി(സ)തിരുമേനിയുടെ മാതൃകയും മസീഹ് മൗഊദ്(അ)ന്റെ പ്രതീക്ഷയുമനുസരിച്ച് എപ്പോഴും തങ്ങളെ സംശുദ്ധമാക്കിവെക്കേണ്ടതാണ്. ഇങ്ങനെ ചെയ്യുമ്പോൾ സ്വയം നല്ലവരായി എന്നു മാത്രമല്ല ജമാഅത്തിന്റെ സൽപേരിന് അത് കാരണമായിത്തീരുകയും ചെയ്യും. ഇതും ഒരു നിശ്ശബ്ദമായ പ്രബോധനമാണ്. ഇതിനുമുമ്പേയും ഞാനിതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്.

അല്ലാഹുതആല എല്ലാവർക്കും ഈ രീതിയിൽ പ്രവർത്തിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. എല്ലാ കാര്യങ്ങളും എപ്പോഴും സംശുദ്ധമാക്കിവെക്കാൻ സൗഭാഗ്യം നല്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 18.11.2005 at Baithul Futuh, London

**വിവ: മുഹമ്മദ് ഇസ്മായീൽ. എച്ച്.എ, ആലപ്പുഴ**
0497 2702562; Mob: 9895 126027
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala